ആയതുകൊണ്ട് അവസരം നോക്കി എന്നെ അവഹേളിക്കാൻ വല്ല ചാൻസും ഉണ്ടെങ്കിൽ അത് വിടുന്നത് ശരിയല്ലെന്ന് മിസ്റ്റർ എം. എം. ഹസ്സന് തോന്നിക്കാണും. അദ്ദേഹം ഇതിപ്പോൾ അഡ്വാൻസായി പറഞ്ഞത് വേറെ വല്ല ആളുകളേയും മുൻകൂട്ടി രക്ഷിക്കുന്നതിന് വേണ്ടിയാണോ അല്ലയോ എന്നൊന്നും ഞാൻ പറയുന്നില്ല. ഏതായാലും ഈ പ്രശ്നം സംബന്ധിച്ച് അദ്ദേഹം ഇവിടെ വിവരിച്ചത് ബോർഡ് മെമ്പർ സ്ഥാനം രാജിവച്ചു എങ്കിലും ഷെയറുകൾ ഇപ്പോഴും നിൽക്കുന്നു എന്നാണ്. ഷെയറുകളും ഇല്ല. ബോർഡ് മെമ്പർ സ്ഥാനം രാജിവച്ചതോടുകൂടി ഷെയറുകൾ ഉപേക്ഷിച്ചു. ഷെയറുകൾ വേറെ ആളുകളുടെ പേരിൽ അവർ കൈമാറ്റം ചെയ്യുകയും ചെയ്തു. ഇങ്ങനെയുള്ള വസ്തുത മറച്ചുവച്ചുകൊണ്ടുള്ള നിലയിൽ ഒരു പരാമർശം എന്റെ സുഹൃത്ത് നടത്തിയത് ശരിയല്ല. ഇതിനെക്കുറിച്ച് പത്രങ്ങളിൽ പരാമർശം നടത്തി. ഇൻഡ്യൻ എക്സ്പ്രസ് ഇതിനെക്കുറിച്ച് പരാമർശം നടത്തി. ആ പത്രത്തിനെതിരായി കേസും കൊടുത്തിട്ടുണ്ട്. ഇത് പുറത്ത് പറഞ്ഞ് കേട്ടാൽ അദ്ദേഹത്തേയും ഇതുപോലെ കൈകാര്യം ചെയ്യാൻ കഴിയും. അദ്ദേഹം അത് തിരുത്തുമെന്ന് ഞാൻ ആശിക്കുന്നു.

സബ്മിഷൻ-(തുടർച്ച)

(2) കർഷകരിൽ നിന്നും അടയ്ക്ക സംഭരിക്കുന്നതും ബാങ്ക് വായ്പയ്ക്ക് പലിശ സബ്സിഡി അനുവദിക്കുന്നതും സംബന്ധിച്ച്

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഇന്ന് സംസ്ഥാനത്ത് ഏറ്റവും അധികം വിലക്കുറവ് അനുഭവപ്പെടുന്ന കാർഷികോല്പന്നം അടയ്ക്കയാണ്. ഏഷ്യയിലെ ഏറ്റവും വലിയ തോട്ടവിള ഗവേഷണ കേന്ദ്രമായ കാസർഗോഡ് സ്ഥിതിചെയ്യുന്ന സി. പി. സി. ആർ. ഐ. ഒരു കിലോഗ്രാം അടയ്ക്കയ്ക്ക് ഉൽപ്പാദന ചെലവ് 80 രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്പോൾ കർഷകർക്ക് ലഭിക്കുന്ന അടയ്ക്കയുടെ വില 45.50 രൂപയാണ്. ഈ മേഖലയിലെ കർഷകർ അനുഭവിക്കുന്ന പ്രയാസം ഗവൺമെന്റിന്റെ ശ്രദ്ധയിൽ നേരത്തെപെടുത്തിയിരുന്നു. നേരത്തെ 165 രൂപയും 170 രൂപയും വിലയുണ്ടായിരുന്ന സ്ഥാനത്താണ് അടയ്ക്കയ്ക്ക് ഇപ്പോൾ ഈ ചുരുങ്ങിയ വില ലഭിക്കുന്നത്. ഇന്ന് റബ്ബറിന്റേയും നാളികേരത്തിന്റേയും കാപ്പിയുടേയും വില അൽപ്പം മെച്ചപ്പെട്ടുവെങ്കിലും അടയ്ക്കയുടെ വില ഇടിഞ്ഞുകൊണ്ടിരിക്കുന്നു. കേരളത്തിൽ ഏറ്റവുമധികം കഷ്ടത അനുഭവിക്കുന്നത് അടയ്ക്ക കർഷകരാണ്. അടയ്ക്ക കർഷകർക്ക് ആശ്വാസമായി ഗവൺമെന്റ് 10 കോടി രൂപ സബ്സിഡി നൽകാൻ തീരുമാനിച്ചെങ്കിലും കർഷകർക്ക് ഇതുകൊണ്ട് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. അത് ഏൽപ്പിച്ചിട്ടുള്ളത് കാംകോ എന്ന സ്ഥാപനത്തെയാണ്. ഇതു സംബന്ധിച്ച് ഗവൺമെന്റ് ഇറക്കിയ ഓർഡറിൽ തന്നെ അപാകതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. മാർക്കറ്റ് വില എത്രയായാലും അതിനു പുറമെ 10 രൂപ സബ്സിഡി നൽകണം. 55 രൂപ വിലയുണ്ടെങ്കിൽ 5 രൂപ മാത്രമേ സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുകയുള്ളൂ. 60 രൂപയിൽ കൂടാൻ പാടില്ലെന്നാണ് ഗവൺമെന്റ് ഇറക്കിയ ഉത്തരവ്. അതുകൊണ്ട് ഓർഡറിൽ ആവശ്യമായ തിരുത്തൽ നൽകി എത്ര വിലയുണ്ടെങ്കിലും അതിനു പുറമെ 10 രൂപ സബ്സിഡി കഴിഞ്ഞ പ്രാവശ്യം നൽകിയതുപോലെ നൽകാൻ ഉത്തരവിൽ മാറ്റം വരുത്തണം. കർണ്ണാടക ഗവൺമെന്റ് ബഡ്ജറ്റിൽ 450 കോടി രൂപയാണ് കാർഷിക വായ്പയിന്മേലുള്ള പലിശ പൂർണ്ണമായും ഒഴിവാക്കിയത്. അതുകൂടാതെ 80 കോടി രൂപ 6 ശതമാനം പലിശയ്ക്ക് ദീർഘകാല വായ്പയായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അമ്പതിനായിരം രൂപ വരെ കാർഷിക കടം എഴുതിത്തള്ളുകയുണ്ടായി. വിള ഇൻഷ്വറൻസ് ഏർപ്പെടുത്തി. ഗവൺമെന്റ് കാർഷിക സഹകരണബാങ്ക് മുഖേനയോ മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേനയോ അടയ്ക്ക സംഭരിക്കാനും 100 രൂപ തറവില നിശ്ചയിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം; കാർഷിക കടത്തിന്മേലുള്ള പലിശ പൂർണ്ണമായും ഒഴിവാക്കി ജപ്തി നടപടികൾ മൂന്ന് വർഷത്തേക്ക് പൂർണ്ണമായും നിർത്തിവയ്ക്കണം, ജലസേചനത്തിന് സബ്സിഡി അനുവദിക്കണം, കാർഷിക വിളയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണം, സബ്സിഡി നൽകുന്ന പെർമിറ്റ് കൃഷി ഓഫീസർ പരിശോധിച്ചശേഷമേ നൽകാവൂ. പെർമിറ്റ് നൽകുന്നതിൽ വളരെ അപാകതയുണ്ട്. അത് പലരും ദുരുപയോഗപ്പെടുത്തുന്നതുകൊണ്ട് കൃഷി ഓഫീസർ പരിശോധിച്ച ശേഷം മാത്രമെ സബ്സിഡി അനുവദിക്കാവൂ. കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. എന്നാൽ തീപിടുത്തത്തിൽ നാശനഷ്ടം വരുന്നവർക്ക് അതിന് വ്യവസ്ഥയില്ല. അതുകൊണ്ട് തീപിടുത്തം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതുവരെ 10 കോടി രൂപ സബ്സിഡി അനുവദിച്ചതിൽ 2 കോടി രൂപ മാത്രമേ കാംപ്കോയ്ക്ക് നൽകിയിട്ടുള്ളൂ. അടയ്ക്കയുടെ സീസൺ അവസാനിക്കാറായി. അതുകൊണ്ട് അടയ്ക്കയ്ക്ക് 8 കോടി രൂപ അടിയന്തിരമായി അനുവദിക്കണമെന്നും എത്രയും വേഗം 100 രൂപ തറവില നിശ്ചയിക്കുന്നതിനും ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, അടയ്ക്ക സംഭരണത്തിന് മാർക്കറ്റ് വിലയേക്കാൾ 10 രൂപ കൂട്ടി വില നിശ്ചയിക്കണമെന്നാണ് നിർദ്ദേശം കൊടുത്തത്. മാക്സിമം വിലയും അതിന് പറഞ്ഞിരുന്നു. അടയ്ക്ക സംഭരണത്തിന്റെ കാലാവധി തീരാറായി. ഇതിന്റെ കാലാവധി നീട്ടാൻ പറ്റുമോ എന്ന് നോക്കാം. ഈ കേസിൽ കഴിഞ്ഞ കൊല്ലം കാംപ്കോക്കാണ് കൊടുത്തത്. കാംപ്കോയുടെ സംഭരണത്തെപ്പറ്റി തർക്കവുമുണ്ടായില്ല. അതുകൊണ്ട് ഇക്കൊല്ലവും അവരെത്തന്നെ ഏൽപ്പിച്ചു. കാംപ്കോക്ക് 2 കോടി രൂപ അഡ്വാൻസായി വേണമെന്ന് പറഞ്ഞതുകൊണ്ട് അതും കൊടുത്തു. പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഡിപ്പോയിൽ 18-2-2005 വരെ 270 കർഷകരിൽ നിന്ന്

172.7 ടൺ അടയ്ക്ക സംഭരിച്ചിട്ടുണ്ട്. ഇതിന്റെ വില 84,47,370 രൂപയും സബ്സിഡി തുക 17,14,420 രൂപയുമാണ്. ഇത് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 27-2-05 വരെ 201 കർഷകരിൽ നിന്ന് 5,03,480 രൂപ വില വരുന്ന 107.70 ലക്ഷം ടൺ അടയ്ക്ക സംഭരിച്ചുവെങ്കിലും സബ്സിഡി തുകയായ 10,66,778 രൂപ ഫണ്ടിന്റെ കുറവുമൂലം കൊടുത്തിട്ടില്ല. അതിന് ചെക്ക് കൊടുത്തിട്ടുണ്ട്. 3 കോടി രൂപ ഫണ്ട് കൊടുക്കണമെന്ന് കാംപ്കോ ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് അതിന് നടപടി എടുത്തുവരികയാണ്. മെമ്പർ പറഞ്ഞ സബ്സിഡി അലവൻസിന്റെയും പലിശ ഇളവിന്റെയും കാര്യം കൃഷിക്കാരെ മൊത്തത്തിൽ ബാധിക്കുന്നതാണ്. മറ്റ് പ്രശ്നങ്ങൾ ഇന്നത്തെ ധനാഭ്യർത്ഥന ചർച്ചയിൽ വിശദീകരിക്കുന്നതാണ്.

(3) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ചെറുപുഴപഞ്ചായത്തിലെ ആറാട്ടുകടവിൽ കൈവശ കൃഷിക്കാരെ ഒഴിപ്പിക്കാൻ കർണ്ണാടക വനംവകുപ്പ് അധികൃതർ നടത്തിവരുന്ന ശ്രമങ്ങൾ

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ചെറുപുഴ പഞ്ചായത്തിലെ കർണാടക അതിർത്തിയിൽപെട്ട ആറാട്ടുകടവ് പ്രദേശത്ത് കഴിഞ്ഞ 60 വർഷത്തിലേറെക്കാലമായി താമസിക്കുകയും ചമയങ്ങൾ വച്ച് പിടിപ്പിച്ച് ജീവിച്ചുവരികയും ചെയ്യുന്ന എഴുപതോളം കുടുംബങ്ങളെ കർണ്ണാടക സർക്കാർ കുടിയിറക്കു ഭീഷണിയിൽപ്പെടുത്തി നോട്ടീസ് കൊടുത്ത് നമ്പർ പതിപ്പിക്കാനുള്ള ശ്രമത്തിലാണ്. സ്വാതന്ത്ര്യലബ്ധിക്കു മുൻപ് കേരള സംസ്ഥാനം രൂപീകരിക്കപ്പെടുന്നതിനു മുൻപ് കർണ്ണാടക സർക്കാരുമായി ഉണ്ടാക്കിയ കരാറെന്നു പറഞ്ഞുകൊണ്ടാണ് ഈ കുടിയിറക്കിന് ശ്രമിക്കുന്നത്. ഇവിടെ എത്രയോ തലമുറയായി ജീവിച്ചുവരുന്നവരാണ്. അതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നത്തിൽ സംസ്ഥാന സർക്കാർ ഇടപെടണം. ഇവിടെ താമസിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും അവിടെ താമസിക്കാൻ ആവശ്യമായ സംരക്ഷണം സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തിരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കണ്ണൂർ ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ പുളിക്കൽ വില്ലേജിൽ റീസർവ്വേ 124(2)-ൽപ്പെട്ട 65 ഏക്കർ സ്ഥലം വില്ലേജ് (എ) രജിസ്റ്റർ പ്രകാരവും 17-2-1937-ലെ മദ്രാസ് ഗവൺമെന്റിന്റെ ജി.ഒ.എം.എസ്. 390 റവന്യൂ പ്രകാരവും കൂർഗ് ഫോറസ്റ്റ് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ സ്ഥലത്ത് 17 ഷെഡ്യൂൾഡ് കാസ്റ്റ് കുടുംബങ്ങൾ ഉൾപ്പെടെ 30 കുടുംബങ്ങൾ 25 വർഷമായി വീട് വച്ച് താമസിച്ച് വരുന്നതായി അറിയുന്നു. പ്രസ്തുത താമസക്കാർക്ക് പട്ടയമോ മറ്റ് കൈവശ രേഖകളോ ഇല്ല. പ്രസ്തുത കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിന് കർണാടക സർക്കാർ നോട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly